പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3349 18.2.2013-ൽ മറുപടിക്ക്

അങ്കമാലി മുനിസിപ്പാലിറ്റിയിലും പരിസരപ്രദേശങ്ങളിലും വർദ്ധിച്ചു വരുന്ന മാലിന്യപ്രശ്നം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) | അങ്കമാലി മുനിസിപ്പാലിറ്റിയിലും പരിസരപ്രദേശങ്ങളിലും വർദ്ധിച്ചു വരുന്ന മാലിന്യപ്രശ്നം കണക്കിലെടുത്ത് നിർദ്ദേശിക്കപ്പെട്ട ഖരമാലിന്യ സംസ്ക്കരണപദ്ധതി നടപ്പിലാക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | എ) | അങ്കമാലി നഗരസഭയിലെ ഖരമാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടി പൊതു മാർക്കറ്റിൽ ഖരമാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിന് ടെണ്ടർ മുനിസിപ്പൽ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. എത്രയും വേഗം പണി പൂർത്തീകരിക്കുന്നതിനാണ് നഗരസഭ തീരുമാനിച്ചിട്ടുള്ളത്. എന്നാൽ ഖരമാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിന് പരിസരവാസികളുടെ എതിർപ്പു മൂലം കാലതാമസം നേരിടുന്നതായി നഗരസഭ അറിയിച്ചിട്ടുണ്ട്. |
| ബി) | ഖരമാലിന്യസംസ്ക്കരണപദ്ധതിക്കായി നഗരസഭസ്ഥലം വാങ്ങിയിരുന്നോ; | ബി) | വാങ്ങിയിരുന്നു. ഖരമാലിന്യ സംസ്കരണ പദ്ധതിക്കായി നഗരസഭ അയ്യായിപാടത്ത് ഒരു ഏക്കർ സ്ഥലം വാങ്ങിയിട്ടുള്ളതാണ്. |
| സി) | എങ്കിൽ പ്രസ്തുത സ്ഥലം ഇപ്പോൾ എന്ത് ആവശ്യത്തിനായാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ? | സി) | പ്രസ്തുത സ്ഥലത്ത് നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങളെ പുനരധിവസിപ്പിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ